1065
23/10/14

# കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ്-17.1.2014 ലെ സ.ഉ(പി)3/14/സാ.നീ.വ നമ്പർ ഉത്തരവിലെ ലിസ്റ്റിൽ പുനർ/റഗുലർ നിയമനത്തിന് പരിഗണിച്ച ശ്രീ.പി.കെ.മുഹമ്മദ് സലീമിനെ ടി ലിസ്റ്റിൽ നിന്നും ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ഡി) വകുപ്പ്

സ.ഉ(എം.എസ്)നം.84/14/സാ.നീ.വ        തിരുവനന്തപുരം, തീയതി 15.10.2014

---

പരാമർശം-
1. 18.5.2013 ലെ സ.ഉ(പി) 40/13/സാ.നീ.വ നമ്പർ ഉത്തരവ്
2. 17.1.2014 ലെ സ.ഉ(പി) 3/14/സാ.നീ.വ നമ്പർ ഉത്തരവ്
3. 18.3.2014 ലെ എംപ്ലോയ്മെന്റ് ഡയറക്ടറുടെ ജെ7/24261/13/ഡി.ഇ നമ്പർ കത്ത്
4. 25.7.2014 ലെ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ H4-12819/14 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 16.8.99 മുതൽ 31.12.2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി കെ.എസ്& എസ്.എസ്.ആർ ഭാഗം II, ചട്ടം 9(എ) (i) പ്രകാരം നിയമിക്കപ്പെടുകയും 179 ദിവസം സേവനം പൂർത്തിയാക്കിയ ഏകദേശം 2677 അംഗപരിമിതർക്ക് പുനർ നിയമനം നൽകുന്നതിനായി സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ചും ടി ജീവനക്കാർ സർവ്വീസിൽ നിന്നും പെൻഷൻ ആയി പിരിഞ്ഞു പോകുമ്പോൾ ടി സൂപ്പർ ന്യൂമററി തസ്തികകൾ ഇല്ലാതാവുന്ന തരത്തിൽ ടി ഉദ്യോഗാർത്ഥികൾക്ക് ജനറൽ റൂൾസ് ചട്ടം 39 നൽകുന്ന അധികാരം ഉപയോഗിച്ച് സർവ്വീസിൽ പുനർ/റഗുലർ നിയമനം നൽകി ഉത്തരവായിരുന്നു.

2. പരാമർശം 2 ലെ ഉത്തരവു പ്രകാരം ശ്രീ.പി.കെ.മുഹമ്മദ് സലീമിനെ കോട്ടയം ജില്ലയിലെ ലിസ്റ്റിൽ ക്രമ നം.2 പ്രകാരം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ എൽ.ഡി.സി തസ്തികയിൽ പുനർ/റഗുലർ നിയമനത്തിനായി ഉൾപ്പെടുത്തി.

3. ശ്രീ.പി.കെ.മുഹമ്മദ് സലീമിന്റെ വൈകല്യ സർട്ടിഫിക്കറ്റ് പരിശോധിച്ചതിൽ ടിയാന് 40% temporary mental impairment എന്ന അസുഖമാണെന്ന് സാക്ഷ്യപ്പെടുത്തിയതായി കാണുന്നതിനാൽ ടിയാനെ സ്ഥിരനിയമനത്തിന് പരിഗണിക്കുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം നൽകണമെന്ന് പരാമർശം 3 പ്രകാരം എംപ്ലോയ്മെന്റ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

4. 1995 ലെ PWD Act ലെ 33-ാം വകുപ്പ് പ്രകാരം തൊഴിൽ സംവരണം ചെയ്തിട്ടുള്ള വിഭാഗങ്ങളിലും KS & SSR Part II 9(c) പ്രകാരമുള്ള വിഭാഗങ്ങളിലും Mental impairment തൊഴിൽ സംവരണത്തിന് പരിഗണിക്കാൻ കഴിയാത്ത വിഭാഗമായതിനാലും ടിയാനെ അംഗപരിമിതനെന്ന നിലയിൽ നിയമനത്തിന് പരിഗണിക്കാവുന്നതല്ല എന്ന് പരാമർശം 4 പ്രകാരം സാമൂഹ്യനീതി ഡയറക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.പി.കെ.മുഹമ്മദ് സലീം അംഗപരിമിതനെന്ന പരിഗണനയിൽ നിയമനത്തിന് അർഹനല്ലാത്തതിനാൽ ടിയാനെ പരാമർശം 2 ലെ ഉത്തരവിലെ ലിസ്റ്റിൽ നിന്നും ഒഴിവാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

എൻ.ബി.കോമളവല്ലി അമ്മ
അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം
സംസ്ഥാന വികലാംഗ കമ്മീഷണർ, തിരുവനന്തപുരം
ഡയറക്ടർ, എംപ്ലോയ്മെന്റ് & ട്രെയിനിംഗ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്(വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ